"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഇൻഫർമേഷൻ കേരള മിഷന് 2025-26 സാമ്പത്തിക വർഷംവകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൽ നിന്നും 2 കോടി രൂപ ഇൻഫർമേഷൻ കേരള മിഷന് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ ജി) വകുപ്പ്**

സ.ഉ.(സാധാ) നം.2707/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1199/2025/ ത.സ്വ.ഭ.വ. തിയതി 15/05/2025
2. ഇൻഫർമേഷൻ കേരള മിഷന്റെ 14/06/2025 ലെ 208-P2-2024-IKM നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം.1802/2025/ ത.സ്വ.ഭ.വ തിയതി 21/07/2025
4. ഇൻഫർമേഷൻ കേരള മിഷന്റെ 18/09/2025 ലെ 208-P2-2024-IKM നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഫർമേഷൻ കേരള മിഷന് 2025-26 സാമ്പത്തിക വർഷത്തിൽ 9 കോടി രൂപ സംസ്ഥാന ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം പ്രസ്തുത തുകയിൽ നിന്നും 3 കോടി രൂപ പിൻവലിക്കുവാൻ അനുവാദം നൽകി ഉത്തരവായിരുന്നു. അവശേഷിക്കുന്ന തുകയായ 6 കോടി രൂപ കൂടി പിൻവലിക്കുവാൻ ഭരണാനുമതി നൽകണമെന്ന പരാമർശം രണ്ടിലെ ഇൻഫർമേഷൻ കേരള മിഷന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകിയും ഉത്തരവായി. ഭരണാനുമതി നൽകപ്പെട്ട 6 കോടി രൂപയ്ക്ക് നിലവിലെ Quarterly Ceiling ഒഴിവാക്കി മുഴുവനായി അനുവദിച്ച് നൽകണമെന്ന് പരാമർശം നാലിലെ കത്ത് പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടിസ്ഥാനത്തിൽ നടപ്പ സാമ്പത്തിക വർഷം 2515-00-001-85-00-99 PV എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൽ നിന്നും 2 കോടി രൂപ കൂടി ഇൻഫർമേഷൻ കേരള മിഷന് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിത റ്റി.ആർ

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ട്രഷറി ഓഫീസർ, സബ് ട്രഷറി , വെള്ളയമ്പലം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/70/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Manikkuttan R
Date: 07-11-2025 10:26:19

സെക്ഷൻ ഓഫീസർ

തദ്ദേശ സ്വയം ഭരണ ,എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്കു്.

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്കു്.

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്കു്.

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ തിരുവനന്തപുരം(വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)